# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

**പി.ആർ.ഒ./39/265/2018** **2018 ഡിസംബർ 10**


# വാർത്താക്കുറിപ്പ്

---

**അപേക്ഷ തീയതി**

ഒന്നാം സെമസ്റ്റർ സി .ബി.സി.എസ്. ( 2017 അഡ്മിഷൻ റീഅപ്പിയറൻസ് ) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം . പരീക്ഷകൾ ഡിസംബർ 17ന് ആരംഭിക്കും.

**പരീക്ഷ തീയതി**

ഒൻപതാം സെമസ്റ്റർ ബി .ആർക് (2014 അഡ്മിഷൻ റഗുലർ /2011, 2012, 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ 'സർവീസസ് ഇൻ റ്റാൾ ബിൽഡിംഗ് (ഇലക്ടീവ് IV) പേപ്പറിന്റെ പരീക്ഷ ഡിസംബർ 21ന് നടക്കും.

**പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി .എ. കോർപ്പറേറ്റ് ഇക്കണോമിക് സ്, സി.ബി.സി.എസ്.എസ്. (റഗുലർ/സപ്ലിമെന്ററി) സപ്തംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 14ന് സെന്റ് ഗിറ്റ് സ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**വൈവാവോസി**

പത്താം സെമസ്റ്റർ ബി .ആർക് (സപ്ലിമെന്ററി) പരീക്ഷയുടെ തിസിസ് ഇവാല്യുവേഷനും വൈവാവോസിക്കും പിഴയില്ലാതെ ഡിസംബർ 12 വരെയും 500 രൂപ പിഴയോടെ 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ 14 വരെയും അപേക്ഷിക്കാം.

**പരീക്ഷഫലം**

2018 ജനുവരിയിൽ നടത്തിയ സി .ബി.സി.എസ്. ഒന്നാം സെമസ്റ്റർ ബി .എ. മോഡൽ I, II, III (2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ അപേക്ഷിക്കാം.

## ജലശുദ്ധീകരണത്തിന്റെ പുതിയ മാർഗങ്ങൾ

## തുറന്നുകാട്ടി രാജ്യാന്തര ജലസമ്മേളനം സമാപിച്ചു

**– 'മലിനീകരണ തോത് പ്രതിരോധിക്കാൻ പുഴകൾക്ക് കഴിവ്'**

മലിനീകരണ തോത് ഒരു പരിധി വരെ പ്രതിരോധിക്കാൻ പുഴകൾക്ക് കഴിയുന്നതിനാലാണ് കുറച്ചെങ്കിലും ശുദ്ധജലം നമുക്ക് ലഭിക്കുന്നതെന്ന് ബ്രിട്ടനിലെ ലെയ് സിസ്റ്റാർ സർവകലാശാലയിലെ പ്രൊഫ. മിക് വെലൻ പറഞ്ഞു . മഹാത്മാ ഗാന്ധി സർവകലാശാലയിൽ പരിസ്ഥിതി പഠനവിഭാഗത്തിന്റെയും സുസ്ഥിര വികസന കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന രാജ്യാന്തര ജലസമ്മേളനത്തിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.

ടണലുകളിലെ വെള്ളം ഹരിതവാതകമുപയോഗിച്ച് ശുദ്ധീകരിക്കുന്ന സാങ്കേതികവിദ്യ ജപ്പാനിലെ ഹൊക്കെയ്ഡു സർവകലാശാലയിലെ തൊഹിഫുവി ഇഗരാഷി അവതരിപ്പിച്ചു . അമേരിക്കയിലെ കാൽടെക് ഇൻസ്റ്റിറ്റ്യൂട്ടിലെ ഐതം ഷഫ്രാൻ , ടോയ്‌ലറ്റിലെ വെള്ളം ശുദ്ധീകരിച്ച് ടോയ് ലറ്റിൽ

ഉപയോഗിക്കാവുന്നവിധം തിരിച്ചെത്തിക്കുന്ന സാങ്കേതികവിദ്യ പരിചയപ്പെടുത്തി . കടൽവെള്ളത്തിലെ ഉപ്പുരസം നീക്കി വൻതോതിൽ ശുദ്ധീകരിക്കുന്ന ചെലവ് കുറഞ്ഞ രീതി സൗദി അറേബ്യയിലെ കിംഗ് അബ്ദുള്ള സർവകലാശാലയിലെ നോർദീൻ ഗഫൂർ അവതരിപ്പിച്ചു.

ഇന്ത്യയിലെ അഞ്ചു സംസ്ഥാനങ്ങളിലൂടെ 2525 കിലോമീറ്റർ ദൂരത്തിൽ ഒഴുകുന്ന ഗംഗാനദിയിലെ എല്ലാത്തരം മലിനീകരണത്തേയും കുറിച്ച് പഠിക്കുന്ന 'നമാമി ഗംഗ ' പദ്ധതിയിലെ ശാസ്ത്രജ്ഞ അഞ്ജു ഇറോത്ത (വന്യജീവി പഠന വിഭാഗം, ഡെറാഡൂൺ) ഗംഗയുടെ ശുദ്ധീകരണം താമസിക്കുന്തോറും ഉണ്ടാകുന്ന വൻ വിപത്തുകളിലേക്ക് ഗവേഷകരുടെ ശ്രദ്ധ ക്ഷണിച്ചു.

കെ.വി. കൃഷ്ണൻ (ആർട്ടിക് പഠനവിഭാഗം തലവൻ ഗോവ ), ലീഡി വിൽസൻ (കാനഡ), ഫ്രാൻസ് മൊമാഡെ (ഘാന), ഹിഷാനമി സതേവി (ജപ്പാൻ), ജ്യോതി വെങ്കിടാചലം (അന്ന യൂണിവേഴ് സിറ്റി), ഇർഹസൊലോവ, മരിയ ദിമിത്രിങ്കോ (റഷ്യ), ഇയാൻ ഗ്രൂമ്മൻ ജാനിഡ് പെക് (ബ്രിട്ടൻ), ബാബു രാജേന്ദ്രൻ, മാലിനി ബാലകൃഷ്ണൻ, പാർവ്വതി ജയശങ്കർ, ഹരികുമാർ പി.എസ്., ചിവ്‌ലി പോൾ ഗ്രയ്ൻ അഭിജിത് മെയ്ത്തി, അമ്പഴകി മുത്തുകുമാർ, കിരൺകുമാർ ശർമ, ഗൗരവ്സിംഗ്, മഞ്ജൂഷ കാർവെ, കൽപ്പന മഹേരിയ, ഷിബു ജി പിള്ള, ബി. നെപ്പോളിയൻ (ഇന്ത്യ) തുടങ്ങി നാൽപ്പതോളംപേർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു . രാജ്യാന്തര ജല സമ്മേളനം ഇന്നലെ (ഡിസംബർ 10) സമാപിച്ചു.

## മനുഷ്യാവകാശ പ്രതിജ്ഞയെടുത്തു

മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ജീവനക്കാർ മനുഷ്യാവകാശ പ്രതിജ്ഞ യെടുത്തു. സർവകലാശാല ഭരണവിഭാഗം കെട്ടിടത്തിലെ ചത്വരത്തിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ . എ.എം. തോമസ് അധ്യക്ഷത വഹിച്ചു . രജിസ്ട്രാർ എം.ആർ. ഉണ്ണി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## മനുഷ്യാവകാശ ദിനാചരണം; സെമിനാർ നടത്തി

മനുഷ്യാവകാശ ദിനാചരണത്തിന്റെ ഭാഗമായി 'എനിക്കുമുണ്ട് പൗരാവകാശം ' എന്ന പേരിൽ മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ സെമിനാർ സംഘടിപ്പിച്ചു . മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ് കൂൾ ഓഫ് കെമിക്കൽ സയൻസസ് ഹാളിൽ നടന്ന സെമിനാർ അഡ്വ . വി. ജയപ്രകാശ് ഉദ്ഘാടനം ചെയ്തു . സർവകലാശാല യൂണിയൻ ചെയർമാൻ എസ് . നിഖിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സായി കൃഷ്ണ, വൈസ് ചെയർമാൻ മീനു എം.ബിജു എന്നിവർ പ്രസംഗിച്ചു.

## 'കാലാവസ്ഥ വ്യതിയാനവും കുട്ടനാടിന്റെ ഭാവിയും'; സെമിനാർ 15ന്

കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റെയും ഫലമായി അറബിക്കടലിലെ ജലനിരപ്പ് ഉയരുമ്പോൾ കുട്ടനാട് നേ രിടേണ്ടി വരുന്ന ഭീഷണിയെക്കുറിച്ച് ചർച്ച ചെയ്യുന്ന സെമിനാർ ഡിസംബർ 15ന് സി.എം.എസ്. കോളേജിൽ നടക്കും. 'കാലാവസ്ഥ വ്യതിയാനവും കുട്ടനാടിന്റെ ഭാവിയും ; പ്രളയാനന്തര വിചിന്തനം ' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ രാവിലെ 10 ന് സി .എം.എസ്. കോളേജ് സെമിനാർ ഹാളിൽ പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി . സുധാകരൻ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗവും പ്രിൻസിപ്പലുമായ ഡോ. റോയി സാം ഡാനിയേൽ അധ്യക്ഷത വഹിക്കും.

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ ഡോ . ജോൺ സി . മാത്യു വിഷയാവതരണം നടത്തും . സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് അധ്യാപകൻ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പ്രഭാഷണം നടത്തും . മാധ്യമപ്രവർത്തകൻ ചെറുകര സണ്ണി തോമസ് ആമുഖ പ്രഭാഷണം നടത്തും . ഡോ. മിനി ചാക്കോ , ഡിജോ കാപ്പൻ എന്നിവർ പങ്കെടുക്കും . സി.എം.എസ് കോളേജ് ബോട്ടണി വിഭാഗവും മഹാത്മാഗാന്ധി സർവകലാശാല സ് കൂൾ ഓഫ് എൻവയമെന്റൽ സയൻസസും ഡമോക്രാറ്റിക് ഹ്യൂമൻ റൈറ്റ് സ് ആന്റ് എൻവയൺമെന്റൽ പ്രോട്ടക്ഷൻ ഫോറവും സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

## ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ പങ്ക്; പ്രഭാഷണവും ചർച്ചയും ഇന്ന്

ദുരന്ത സാഹചര്യങ്ങളിൽ ഭിന്നശേഷിക്കാരെക്കൂടി ഉൾക്കൊള്ളിച്ച് നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചുള്ള പ്രഭാഷണവും വിദഗ്ധർ പങ്കെടുക്കുന്ന ചർച്ചയും ഇന്ന് (ഡിസംബർ 11) മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ നടക്കും. രാവിലെ 10.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ഡയറക്ടർ ഡോ . പി.ടി. ബാബുരാജ് അധ്യക്ഷത വഹിക്കും. സംസ്ഥാന ദുരന്ത നിവാരണ അതോ റിട്ടി മെമ്പർ സെക്രട്ടറി ഡോ . ശേഖർ എൽ. കുര്യാക്കോസ് മുഖ്യ പ്രഭാഷണം നടത്തും. തണൽ പാലിയേറ്റീവ് ആന്റ് പാരാപ്ലീജിക് കെയർ സൊസൈറ്റി രക്ഷാധികാരി എം.കെ. അബൂബക്കർ ഫറൂഖി മുഖ്യാതിഥിയാകും. സിൻഡിക്കേറ്റംഗം ഡോ. സന്തോഷ് പി. തമ്പി, കെ. കെ. ബഷീർ, എൻ.എൻ. ഹേന, സാബിത് ഉമർ എന്നിവർ പങ്കെടുക്കും.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/265/2018 2018 ഡിസംബർ 10

## വാർത്താക്കുറിപ്പ്

**ഈ വാർത്തയിൽ തിരുത്തുണ്ട്. ദയവായി ഇത് ഉപയോഗിക്കുക.**

### 'കാലാവസ്ഥ വ്യതിയാനവും കുട്ടനാടിന്റെ ഭാവിയും'; സെമിനാർ 15ന്

കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റെയും ഫലമായി അറബിക്കടലിലെ ജലനിരപ്പ് ഉ യരുമ്പോൾ കുട്ടനാട് നേരിടേണ്ടി വരുന്ന ഭീഷണിയെക്കുറിച്ച് ചർച്ച ചെയ്യുന്ന സെമിനാർ ഡിസംബർ 15ന് സി.എം.എസ്. കോളേജിൽ നടക്കും. 'കാലാവസ്ഥ വ്യതിയാനവും കുട്ടനാടിന്റെ ഭാവിയും ; പ്രളയാനന്തര വിചിന്തനം ' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ രാവിലെ 10 ന് സി.എം.എസ്. കോളേജ് സെമിനാർ ഹാളിൽ പൊതുമരാമത്ത് രജിസ് ട്രേഷൻ വകുപ്പ് മന്ത്രി ജി . സുധാകരൻ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗവും പ്രിൻസിപ്പലുമായ ഡോ. റോയി സാം ഡാനിയേൽ അധ്യക്ഷത വഹിക്കും.

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ ഡോ . ജോൺ സി . മാത്യു വിഷയാവതരണം നടത്തും . സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് അധ്യാപകൻ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പ്രഭാഷണം നടത്തും. മാധ്യമപ്രവർത്തകൻ ചെറുകര സണ്ണി ലൂക്കോസ് ആമുഖ പ്രഭാഷണം നടത്തും . ഡോ. മിനി ചാക്കോ , ഡിജോ കാപ്പൻ എന്നിവർ പങ്കെടുക്കും . സി.എം.എസ് കോളേജ് ബോട്ടണി വിഭാഗവും മഹാത്മാഗാന്ധി സർവകലാശാല സ് കൂൾ ഓഫ് എൻവയമെന്റൽ സയൻസസും ഡമോക്രാറ്റിക് ഹ്യൂമൻ റൈറ്റ് സ് ആന്റ് എൻവയൺമെന്റൽ പ്രോട്ടക്ഷൻ ഫോറവും സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**